"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ഊർജ്ജ വകുപ്പ് - പ്രത്യേക നിബന്ധനകൾക്ക് വിധേയമായി 31.05.2026 വരെ ഇടുക്കി ചെറുതോണി ഡാമുകൾ സന്ദർശിക്കുന്നതിന് പൊതുജനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഊർജ്ജ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.79/2026/POWER  തീയതി,തിരുവനന്തപുരം, 26-05-2026

---

പരാമർശം:-

1. സ.ഉ. (സാധാ) 177/2025/Power തീയതി 29.08.2025
2. സ.ഉ. (സാധാ) 252/2025/Power തീയതി 18.12.2025
3. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 07.05.2026 ലെ DGC/AEE IV/Dam Safety/Idukki Dam/2022/47 നമ്പർ കത്ത്.
4. കേരള ഹൈഡൽ ടൂറിസം സെന്റർ ഡയറക്ടറുടെ 14.05.2026 ലെ KHTC/HQ/Idukki-publicvisit/2026 നമ്പർ കത്ത്
5. ഇടുക്കി ജില്ലാ കളക്ടേറ്റിൽ നിന്നുള്ള 14.05.2026 ലെ DCIDK/4120/2020-DM1നമ്പർ കത്ത്

**ഉത്തരവ്**

ഇടുക്കി, ചെറുതോണി ഡാമുകൾ പൊതുജനങ്ങൾക്ക് സന്ദർശിക്കുന്നതിനായി നിശ്ചിത നിബന്ധനകളോടെ 31.12.2025 വരെ പ്രവേശനാനുമതി അനുവദിച്ച് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. വേനലവധിക്കാലം പരിഗണിച്ച്, നിബന്ധനകൾക്ക് വിധേയമായി പ്രസ്തുത അനുമതി 31.05.2026 വരെ നല്കാവുന്നതാണെന്ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ പരാമർശം (2) പ്രകാരം അറിയിച്ചിരുന്നു..

2) ഇടുക്കി-ചെറുതോണി അണക്കെട്ടുകളിൽ ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിൽ ഉൾപ്പെടുത്തിയുള്ള അറ്റകുറ്റപ്പണികളും, കാലവർഷാരംഭത്തിന് മുമ്പ് അണക്കെട്ടിന്റെ സുരക്ഷയ്ക്ക് അത്യന്താപേക്ഷിതമായ ജോലികളും നടന്നുവരികയാണെന്നും ടി ജോലികൾക്കായി അണക്കെട്ടുകളുടെ ഗേറ്റുകളുടെ സമീപപ്രദേശങ്ങളിൽ വലിയ ക്രയിൻ അടക്കമുള്ള യന്ത്രസാമഗ്രികളും ഭാരമേറിയ ഇരുമ്പ് വസ്തുക്കളും ഗ്യാസ് സിലിണ്ടറുകളും പ്രഷർ വാഷിംഗ്, പെയിന്റിംഗ്, കോൺക്രീറ്റ് ജോലികൾ എന്നിവയ്ക്കാവശ്യമായ സാമഗ്രികളും സ്ഥാപിച്ചിരിക്കുകയാണെന്നും, എന്നിരുന്നാലും വേനലവധിക്കാലം പ്രമാണിച്ച് എല്ലാ സുരക്ഷാമാനദണ്ഡങ്ങളും പാലിക്കുന്നു എന്ന് ഹൈഡൽ ടൂറിസം അധികാരികൾ കർശനമായി ഉറപ്പാക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി ബഗ്ഗികാർ ഗതാഗതം ഒഴിവാക്കി, പ്രത്യേക നിബന്ധനകൾക്ക് വിധേയമായി മെയ് 30 വരെയുള്ള കാലയളവിലേയ്ക്കായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, റിസർച്ച് &ഡാം സേഫ്റ്റി ഡിവിഷൻ, വാഴത്തോപ്പിന്റെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് നിലവിൽ പുരോഗമിച്ചു വരുന്ന ജോലികൾക്ക് തടസ്സം ഉണ്ടാകാത്തതരത്തിൽ പൊതുജനങ്ങൾക്ക് കാൽനടയായി മാത്രം സന്ദർശനം അനുവദിക്കാവുന്നതാണെന്നാണ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ അറിയിച്ചിരിക്കുന്നത്.

3) പ്രസ്തുത വിഷയം സംബന്ധിച്ച് കേരള ഹൈഡൽ ടൂറിസം സെന്റർ ഡയറക്ടർ പരാമർശം (4)

പ്രകാരവും ഇടുക്കി ജില്ലാ കളക്ടർ പരാമർശം (5) പ്രകാരവും റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡും സർക്കാരും നിർദ്ദേശിക്കുന്ന സുരക്ഷാ നടപടികളും നിയന്ത്രണങ്ങളും പാലിച്ചുകൊണ്ട് ഇടുക്കി ആർച്ച് ഡാമിൽ ടൂറിസം പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് ആവശ്യമായ അനുമതി നല്കണമെന്ന് കേരള ഹൈഡൽ ടൂറിസം സെന്റർ ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു. പരാമർശം (1), (2) സർക്കാർ ഉത്തരവുകളിലെ നിബന്ധനകൾ പാലിച്ച് ഇടുക്കി ചെറുതോണി ഡാമുകൾ 2026 മെയ് 30 വരെ പൊതുജനങ്ങൾക്ക് നടന്ന് കാണുന്നതിന് അനുമതി നല്കാവുന്നതാണെന്നും, സന്ദർശനത്തിനെത്തുന്ന വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് കൂടി ഹൈഡൽ ടൂറിസം വകുപ്പിന് നിർദ്ദേശം നല്കണമെന്നും ഇടുക്കി ജില്ലാ കളക്ടറുടെ കാര്യാലയത്തിൽ നിന്നും പരാമർശം (5) പ്രകാരം അറിയിച്ചിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി, ചെറുതോണി ഡാമുകൾ പൊതുജനങ്ങൾക്ക് സന്ദർശിക്കുന്നതിനായി, ബുധനാഴ്ചകളിലും വെള്ളം തുറന്നുവിടേണ്ട ദിവസങ്ങളിലും, ശക്തമായ മഴയുള്ള കാലാവസ്ഥാ മുന്നറിയിപ്പുകൾ (റെഡ്, ഓറഞ്ച് അലർട്ടുകൾ) നിലനിൽക്കുന്ന അവസരത്തിലും, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി വിനോദ സഞ്ചാരത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്ന ദിവസങ്ങളിലും ഒഴികെ ഡാമിൽ നിലവിൽ നടക്കുന്ന അറ്റകുറ്റപ്പണിക്ക് തടസ്സം വരാത്ത രീതിയിൽ താഴെ പറയുന്ന നിബന്ധനകളോടെ 31.05.2026 വരെ വരെയുള്ള കാലയളവിൽ തുറന്നുകൊടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) ഡാമിലും പരിസര പ്രദേശങ്ങളിലും മാലിന്യ സംസ്കരണം നടത്തുന്നതിന് മാലിന്യബക്കറ്റുകൾ, മുന്നറിയിപ്പ് ബോർഡുകൾ, ക്ലീനിംഗ് ജീവനക്കാർ എന്നിങ്ങനെയുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തുക .

2) ഡാമുകളുടെ പരിസരത്ത് മതിയായ താൽക്കാലിക ശുചിമുറി സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.

3) ഡാമിന്റെ പരിസര പ്രദേശങ്ങളിൽ പ്ലാസ്റ്റിക് നിക്ഷേപിക്കുന്നത് ഒഴിവാക്കുക.

4) ജൈവമാലിന്യങ്ങൾ ദിവസേന നീക്കം ചെയ്യുന്നതിനുള്ള സംവിധാനം ഹൈഡൽ ടൂറിസം സെന്റർ ഏർപ്പെടുത്തുക.

5) ഗ്രീൻ പ്രോട്ടോകോൾ ഉറപ്പുവരുത്തുക.

6) ഡാമിന്റേയും പരിസര പ്രദേശങ്ങളുടേയും പൂർണ്ണമായ സുരക്ഷ ഉറപ്പ് വരുത്തേണ്ടത് പ്രസ്തുത സ്ഥലത്ത് നിയോഗിച്ചിട്ടുള്ള പോലീസ് ഉദ്യോഗസ്ഥരുടെ പൂർണ്ണമായ ഉത്തരവാദിത്തമായിരിക്കും. ഇക്കാര്യത്തിലുണ്ടാകുന്ന വീഴ്ച ഗൗരവതരമായി കാണുന്നതാണ്.

7) ടൂറിസത്തിന്റെ ഭാഗമായി നിയോഗിക്കുന്ന പോലീസിന്റെ ചെലവ് ഹൈഡൽ ടൂറിസം സെന്റർ വഹിക്കണം.

8) പൊതുജനങ്ങളുടെ സുരക്ഷയുടേയും അണക്കെട്ടുകളുടെയും പരിസരപ്രദേശങ്ങളുടേയും സുരക്ഷയുടെയും ഉത്തരവാദിത്തം ഹൈഡൽ ടൂറിസം വകുപ്പും പോലീസ് വകുപ്പും ഏറ്റെടുക്കേണ്ടതാണ്.

9) പൊതുജനങ്ങളുടെ സുരക്ഷയ്ക്കായി ഏതെങ്കിലും ഇൻഷ്വറൻസുകൾ എടുക്കേണ്ടതുണ്ടെങ്കിൽ ആയതിന്റെ ചെലവ് ഹൈഡൽ ടൂറിസം സെന്റർ വഹിക്കേണ്ടതാണ്.

10) നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലത്ത് ബാരിക്കേഡുകളും മറ്റും ഉപയോഗിച്ച് വർക്ക് സൈറ്റുകൾ വേർതിരിച്ച് പ്രവേശനം കർശനമായി നിയന്ത്രിക്കുന്നതിന് ആവശ്യമായ നടപടികൾ ഹൈഡൽ ടൂറിസം സെന്റർ സ്വീകരിക്കണം

11) ഉയർന്ന അപകടസാധ്യതയുള്ള മേഖലകളിൽ കെ.എസ്.ഇ.ബി.എൽ / ഹൈഡൽ ടൂറിസം സെന്റർ പര്യാപ്തമായ ജീവനക്കാരെ നിയോഗിച്ച് സഞ്ചാരികളുടെ നീക്കങ്ങൾ നിരീക്ഷിക്കുകയും നിയന്ത്രിത മേഖലകളിലേക്കുള്ള പ്രവേശനം തടയുകയും, സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നതായി ഉറപ്പാക്കുകയും വേണം.

12) ഡ്രൈവർമാർക്കും സഞ്ചാരികൾക്കും നിർബന്ധമായും നെക്ക് ടാഗുകൾ (Neck Tag) എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഡാം സേഫ്റ്റി), വാഴത്തോപ്പ് വഴി അനുവദിക്കണം. സാധുവായ ടാഗ് ഉള്ളവർക്ക് മാത്രമേ പ്രവേശനം അനുവദിക്കാവൂ.

13) പ്രവേശനവാതിലിലും ടിക്കറ്റ് കൗണ്ടറിലും വിനോദസഞ്ചാരികളുടെ പ്രവേശനം നിയന്ത്രിക്കുന്നതിന് ഹൈഡൽ ടൂറിസം സെന്റർ നിശ്ചിത ആളുകളെ നിയോഗിക്കണം.

14) തിരക്ക് ഒഴിവാക്കുന്നതിനായി ഓരോ സമയത്തേക്കുള്ള (Time Slot) സന്ദർശകരുടെ എണ്ണം കൃത്യമായി നിയന്ത്രിക്കുന്നതിനായി ബുക്കിംഗ് സംവിധാനം അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ.മനോജ് കുമാർ

ജോയിന്റ് സെക്രട്ടറി

1) ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ. എസ്. ഇ. ബി. ലിമിറ്റഡ്, തിരുവനന്തപുരം.
2) ജില്ലാ കളക്ടർ & ചെയർപേഴ്സൺ, ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ, ഇടുക്കി.
3) ജില്ലാ പോലീസ് മേധാവി, ഇടുക്കി.
4) ഡയറക്ടർ, ഹൈഡൽ ടൂറിസം സെന്റർ, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം
6) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
7) അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
8)ഡയറക്ടർ (ജനറേഷൻ-സിവിൽ), കെ.എസ്.ഇ.ബി.ലിമിറ്റഡ്, തിരുവനന്തപുരം.
9) വനം വന്യജീവി (ഡി) വകുപ്പ്
10) വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്
11) സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sreesh K P
സെക്ഷൻ ഓഫീസർ
Date: 26-05-2026 11:39:58